**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3175 07-11-2019 -ൽ മറുപടിക്ക്

## റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാലവർഷകെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടി ദുരന്തനിവാരണ വകുപ്പിന്റെ ഭരണാനുമതി ലഭ്യമായിട്ടുള്ള കണ്ണൂർ ജില്ലയിലെ എത്ര റോഡുകൾക്ക് അനുവദിച്ച ഫണ്ടാണ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സമയ ബന്ധിതമായി പ്രവൃത്തി തീർക്കാത്തതിനെ തുടർന്ന് ലാപ്സായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ ഭരണാനുമതി ലഭിച്ച 9 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ റദ്ദായിട്ടുണ്ട്. |
| ബി) | ഈ റോഡുകൾ ഏതൊക്കെയാണെന്നും എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തതെന്നും വ്യക്തമാക്കാമോ? | ബി) | വട്ടക്കയം കാക്കടവ് ബൈപ്പാസ് റോഡ്, കാവുങ്കൽ മാണക്കര റോഡ്, ഉദയഗിരി - മുതുശ്ശേരി ബൈപ്പാസ് റോഡ്, പോത്താംകണ്ടം സ്കൂൾ റോഡ്, കിഴക്കേക്കര റോഡ്, മേലുത്താണി റോഡ്, കൊണ്ടോട്ട് പീടിക – കാറാട്ട് മെട്ട തന്നട റോഡ്, പനോന്നേരി ആറാട്ടുതറ റോഡ്, മുത്തേടം ക്ഷേത്രം -കരിങ്കൽക്കുന്ന് റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് റദ്ദായിട്ടുള്ളത്. ഇവയിൽ വട്ടക്കയം കാക്കടവ് ബൈപ്പാസ് റോഡ് ആലക്കോട് ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾ, ടെണ്ടർ ചെയ്തിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാത്തത്, കാലാവധിക്കുള്ളിൽ കരാർ വയ്ക്കാത്തത്, കാലവർഷം ശക്തിപ്രാപിച്ചതും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും തുടങ്ങിയ കാരണങ്ങളാലാണ് നടപ്പിലാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ